ബൈക്ക് മോഷ്ടാവും മോഷ്ടിച്ച ബൈക്കിൽ കറങ്ങി നടന്നയയാളും പിടിയിൽ. വണ്ണപ്പുറം, പഴയരിക്കണ്ടം, പുളിക്കത്തൊട്ടി തോട്ടത്തിൽ വീട്ടിൽ അനീഷ് ഷാജി (18), ഇടുക്കി, പഴയ വിടുതി, മമ്മൂട്ടിക്കാനം, പെരിങ്ങാട്ടുമാലിൽ വീട്ടിൽ വിശാൽ (18) എന്നിവരെയാണ് പെരുമ്പാവൂർ പോലിസ് പിടികൂടിയത്. ഇപ്പോൾ വെങ്ങോല മാർബിൾ ജംഗ്ഷനിലാണ് ഇരുവരും താമസിക്കുന്നത്. ജൂലൈ ഒന്നിന് പുലർച്ചെ പെരുമ്പാവൂർ സോഫിയ കോളേജ് ഭാഗത്തുനിന്നുമാണ് ബൈക്ക് മോഷണം നടത്തിയത്.